## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം : *T 664

11. 07. 2014 - ൽ മറുപടിക്ക്

# ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ എവിടെയാണ് നടത്തേണ്ടതെന്ന് അറിയിക്കുമോ ; | (എ) ഗ്രന്ഥശാലകളുടെ രജിസ്ട്രേഷൻ നടത്തേണ്ടത് കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലാണ്. ഇതിനുള്ള അപേക്ഷകൾ താലൂക്ക് ലൈബ്രറി കൌൺസിലിലാണ് സമർപ്പിക്കേണ്ടത്. |
| (ബി) ഗ്രന്ഥശാലകൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഗ്രന്ഥശാലകൾ കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലിൽ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഒരുവർഷം പ്രവർത്തിച്ചിരിക്കണം. പുസ്തകം 1000 എണ്ണം ഉണ്ടാവണം. അവയുടെ മുഖവില 5000 കുറയരുത്. പുസ്തകവിതരണം ഒരു വർഷം 2000 എണ്ണവും വേണം. അംഗങ്ങൾ 50 പേർ ഉണ്ടാവണം. ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിന് 15 ചതുരശ്രമീറ്ററിൽ കുറയാത്ത കെട്ടിടം സ്വന്തമായോ വാടകയ്ക്കോ ഉണ്ടായിരിക്കണം. മൂന്ന് ദിനപത്രങ്ങളും ആറ് ആനുകാലികങ്ങളും വരുത്തേണ്ടതാണ്. ദൈനംദിന പ്രവർത്തനങ്ങൾക്ക് ലൈബ്രേറിയൻ ഉണ്ടാവണം. 11 പേരിൽ അധികരിക്കാത്ത ജനകീയ കമ്മിറ്റി ഉണ്ടാവണം. അതിൽ എസ്.സി., വനിതാ സംവരണം ഉണ്ടായിരിക്കണം. അംഗ ഗ്രന്ഥശാലയിൽ നിന്നും 2 കി.മി. അകലം ഉണ്ടായിരിക്കണം. |

(സി) രജിസ്ട്രേഷൻ നടപടികൾ എന്തെല്ലാമാണ് :

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും മാതൃകാ നിയമാവലിയും അപേക്ഷയും മൂന്ന് കോപ്പി വാങ്ങി ലൈബ്രറി പൊതുയോഗം അംഗീകരിച്ച് 100/- രൂപ അഫിലിയേഷൻ ഫീസ് അടച്ച് താലൂക്ക് ലൈബ്രറി കൗൺസിലിന് നൽകണം.

(ഡി) ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

(ഡി) അംഗ ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയന്മാർക്ക് അലവൻസും നൽകുന്നു. സ്വന്തമായി സ്ഥലമുള്ള ലൈബ്രറികൾക്ക് കെട്ടിട ഗ്രാന്റ് അനുവദിക്കുന്നു. വിവിധ പദ്ധതി - പദ്ധതിയേതരപ്രവർത്തനങ്ങളും ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്നതിന് സഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ